# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം*- 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ജൂലൈ 28**

---

## എം.ജി.യു ബിരുദ പ്രവേശനം: സപ്ലിമെന്ററി അലോട്മെന്റ് അപേക്ഷ ഇന്നു വരെ

*മഹാത്മാഗാന്ധി സർവകലാശാലയുടെ ബിരുദ ഏകജാലക പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്മെന്റിന് അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി ജൂലൈ 29ന് അവസാനിക്കും. സപ്ലിമെന്ററി അലോട്മെന്റ് ജൂലൈ 31-ന് പ്രസിദ്ധീകരിക്കും. അലോട്മെന്റിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഒഴിവുള്ള സീറ്റുകൾ ഒഇസി, എസ്ഇബിസി, പൊതു വിഭാഗം എന്ന ക്രമത്തിലും, മറ്റ് സംവരണ വിഭാഗങ്ങളിലെ ഒഴിവുള്ള സീറ്റുകൾ പ്രവേശന ചട്ടങ്ങൾ അനുസരിച്ച് പൊതു വിഭാഗത്തിലേക്കും മാറ്റുന്നതാണ് ചെയ്യുന്നതാണ്.*

*(പി. ആർ. ഒ./697/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നാം വർഷ എംഎസ്.സി മെഡിക്കൽ മൈക്രോബയോളജി ഡിഗ്രി (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് 14 മുതൽ നടക്കും. ഓഗസ്റ്റ് 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 3 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 4 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി. ആർ. ഒ./698/2026)*

## പ്രാക്ടിക്കൽ

*ഒന്നു മുതൽ ഏഴു വരെ സെമസ്റ്ററുകൾ ബിഎച്ച്എം (പഴയ സ്കീം-2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജനുവരി 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 11ന് പാലാ സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

------------

*രണ്ടാം സെമസ്റ്റർ എംഎസ്.സി ഫിസിക്സ് (മെറ്റീരിയൽ സയൻസ്) (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30ന് പത്തനംതിട്ട കതോലിക്കേറ്റ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

------------

*രണ്ടാം സെമസ്റ്റർ എംഎച്ച്എം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 3 മുതൽ സൂര്യനെല്ലി, മൗണ്ട് റോയൽ കോളേജിൽ നടകും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി. ആർ. ഒ./699/2026)*

## പരീക്ഷാഫലം

*നാലാം സെമസ്റ്റർ എംഎസ്.സി ഫിസിക്സ്, സൈക്കോളജി, സുവോളജി, ഡാറ്റാ അനലിറ്റിക്സ്, കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്), കമ്പ്യൂട്ടർ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 11 വരെ ഓൺലൈനായി അപേക്ഷിക്കാം.*

------------

*നാലാം സെമസ്റ്റർ എംഎസ്.സി ഡാറ്റാ അനലിറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്) (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 11 വരെ ഓൺലൈനായി അപേക്ഷിക്കാം.*

*(പി. ആർ. ഒ./700/2026)*

## പരീക്ഷാ തീയതി

*അഞ്ചാം സെമസ്റ്റർ ബിടെക് (പഴയ സ്കീം-1997 മുതൽ 2009 വരെ അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2005 പരീക്ഷകൾ ഒക്ടോബർ 1 മുതൽ നടക്കും.*

*(പി. ആർ. ഒ./701/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**